**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5265** **21-03-2025 - ൽ മറുപടിയ്ക്ക്**

**ബി.എഡ് തുല്യത നൽകുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മെഡിക്കൽ പ്രൊഫഷണൽ ബിരുദമായ ബി.എച്ച്.എം.എസ് ബിരുദം പൂർത്തിയാക്കിയതിനുശേഷം ബി.എഡ്-ഉം, കെ-ടെറ്റ് ഉം യോഗ്യത നേടിയ ഉദ്യോഗാർത്ഥികൾക്ക് പ്രസ്തുത മെഡിക്കൽ ബിരുദത്തിന് അനുഗുണമായി നേടിയ ബി.എഡ്-ന് തുല്യതയില്ല എന്ന പേരിൽ യു.പി.എസ്.ടി/എച്ച്.എസ്.ടി ജോലി ചെയ്യാനുള്ള അവസരം നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ചുള്ള പരാതികൾ സർക്കാർ മുൻപാകെ വന്നിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | മെഡിക്കൽ പ്രൊഫഷണൽ ബിരുദമായ ബി.എച്ച്.എം.എസ് ബിരുദം പൂർത്തിയാക്കിയതിനുശേഷം ആയതിന്റെ അടിസ്ഥാനത്തിൽ, നേടിയ ബി.എഡ്-ഉം, പിന്നീട് കെ-ടെറ്റ് ഉം യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ യു.പി.എസ്.റ്റി നിയമനത്തിന് പരിഗണിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി. ആസിഫ നൽകിയ അപേക്ഷ പൊതുവിദ്യാഭ്യാസ വകുപ്പിൽ ലഭിച്ചിരുന്നു. ആയതിന്, മേൽ പ്രകാരം നേടിയ ബി.എഡ് കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റി അംഗീകരിക്കുന്ന പക്ഷം, അപേക്ഷകയുടെ യോഗ്യതകൾ സംസ്ഥാനത്തെ സ്കൂളുകളിൽ യു.പി.എസ്.ടി നിയമന ത്തിന്, പരിഗണനാർഹമാണെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മറുപടി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയം ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുൻപാകെ പരിഗണനയ്ക്ക് വന്നിട്ടുണ്ടോ; വ്യക്തമാക്കാമോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത വിഷയം, ബിരുദങ്ങളുടെ തുല്യതയും അംഗീകാരവും സംബന്ധിച്ച് രൂപീകരിച്ചിട്ടുള്ള State Level Academic Committee (SLAC) യുടെ പരിഗണനയ്ക്കായി കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ സമർപ്പിച്ചിരുന്നു. തുടർന്ന്, യോഗ തീരുമാന പ്രകാരം ഇക്കാര്യം കേരള ആരോഗ്യ സർവ്വകലാശാലയുടെ പരിഗണനയ്ക്ക് കൈമാറിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ കൗൺസിലിന് ഇത് സംബന്ധിച്ച് നേരിട്ട് ലഭിച്ച അപേക്ഷ SLAC-ന്റെ പരിഗണനയ്ക്ക് വീണ്ടും സമർപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | മെഡിക്കൽ വിദ്യാഭ്യാസ യോഗ്യതയും, ബി.എഡ്-ഉം, കെ-ടെറ്റ് ഉം യോഗ്യതയുള്ളവർക്ക് അധ്യാപക ജോലിക്ക് പരിഗണിക്കുവാൻ വേണ്ടി ബി.എഡ്-ന് തുല്യത നൽകുവാൻ ബന്ധപ്പെട്ട യൂണിവേഴ്സിറ്റികൾക്ക് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ? | (സി) | പ്രോഗ്രാമുകളുടെ അംഗീകാരം/ തുല്യത സംബന്ധിച്ച വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്നത് സർവ്വകലാശാലയുടെ അക്കാദമിക അധികാര പരിധിയിലുള്ള കാര്യമാണ്. |

സെക്ഷൻ ഓഫീസർ